# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.967 28.04.2017 -ലെ മറുപടിയ്ക്ക്

## 1997-ൽ നിയമനങ്ങൾ ബാൻ ചെയ്യപ്പെടാത്ത കോളേജുകളിലെ അദ്ധ്യാപക നിയമനം

*ചോദ്യം*
ശ്രീ.ഒ. രാജഗോപാൽ

*ഉത്തരം*
പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രീ-ഡിഗ്രി അബോളിഷൻ ആക്ടിലെ സെക്ഷൻ 5 പ്രകാരമുള്ള അധ്യാപക നിയമന നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കപ്പെട്ട കോളേജുകളിലെ നിയമനങ്ങളെക്കുറിച്ച് 1997 ജൂലൈ 3 ലെ 11899/97/ഉ.വി.വ ഉത്തരവ് അനുസരിച്ച് പ്രഖ്യാപിച്ച നയം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) | പ്രൊമോഷൻ വഴിയുള്ള ഒഴിവുകൾ നികത്തുന്നതിന് നിയമന നിരോധനം ബാധകമല്ലെന്നും, നിശ്ചിത കാലയളവിലേക്ക് ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിന് നിരോധനം ഇല്ലെന്നും വേക്കൻസിയുടെ അഭാവത്തിൽ പുറത്താക്കപ്പെട്ട അദ്ധ്യാപകർ 24.04.1997 പ്രാബല്യത്തിൽ നിയമിക്കപ്പെടാൻ യോഗ്യരാണെങ്കിൽ പ്രസ്തുത സ്ഥാപനത്തിൽ നിയമിക്കാവുന്നതാണെന്നും പ്രീഡിഗ്രി ഇല്ലാത്ത സിംഗിൾ മാനേജ്മെന്റ് കോളേജുകളിൽ അനദ്ധ്യാപകരുടെയും അദ്ധ്യാപകരുടെയും നിയമനത്തിന് നിരോധനം ഇല്ലെന്നും കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്കിനോളജി , ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല എന്നിവിടങ്ങളിലെ നിയമനങ്ങൾക്ക് നിരോധനം ഇല്ലെന്നും നിലവിലെ ഒഴിവുകൾ സ്ഥലം മാറ്റം മുഖേന നിലവിലുള്ള ജീവനക്കാരിൽ നിന്നും നികത്താവുന്നതാണെന്നും പ്രീഡിഗ്രി നിർത്തലാക്കിയതു വഴിയുള്ള അധിക അദ്ധ്യാപകരെ നിലനിർത്തിയതിനു ശേഷം പുതിയ തസ്തികകൾ സൃഷ്ടിക്കുക / നികത്തുക എന്നീ വിഷയങ്ങളിൽ |

| | | | |
|---|---|---|---|
| | | | തീരുമാനം എടുക്കേണ്ടത് Empowered Committee ആണെന്നുമാണ് സർക്കാർ നയം. |
| (ബി) | 1998-2001 കാലഘട്ടത്തിൽ പുതിയ കോഴ്സുകൾ അനുവദിച്ചപ്പോൾ മേൽപ്പറഞ്ഞ നയം നടപ്പിലാക്കിയിരുന്നോയെന്ന വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ എന്തു കാരണത്താലാണ് പ്രസ്തുത നയം നടപ്പിലാക്കാതിരുന്നതെന്നറിയിക്കാമോ ; | (ബി) | സർക്കാരിന് അധിക ബാദ്ധ്യത ഉണ്ടാകരുതെന്ന വ്യവസ്ഥകളിൽ 1998-2001 കാലയളവിൽ അനുവദിച്ച കോഴ്സുകളിൽ നിയമനം ലഭിച്ചവർക്ക് SLP ഉത്തരവ് പ്രകാരം യൂണിവേഴ്സിറ്റി അപ്രൂവൽ നൽകിയ തീയതി മുതൽ കുടിശ്ശിക അനുവദിച്ച് പി.എഫിൽ ലയിപ്പിക്കുന്നതിന് 11.09.2015 - ലെ ജി.ഒ.(എം.എസ്) നമ്പർ 580/15/ഉവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (സി) | ബാനിൽ നിന്ന് ഒഴിവാക്കപ്പെട്ട കോളേജായ പാങ്ങോട് മന്നാനിയ കോളേജിൽ ബികോം (ടി. ടി. എം) കോഴ്സിൽ സൈക്കോളജി അദ്ധ്യാപികയുടെ നിയമനം അംഗീകരിക്കുകയും നിയമന ദിവസം മുതൽ ശമ്പളം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (സി) | പാങ്ങോട് മന്നാനിയ കോളേജുകളിൽ ബി.കോം. (ടി.ടി.എം.) കോഴ്സിൽ സൈക്കോളജി വിഭാഗം നിയമനം ലഭിച്ച അദ്ധ്യാപിക ടി കോളേജിൽ നിന്നും വിടുതൽ ചെയ്യുന്നതുവരെ നിയമനം അംഗീകരിക്കുകയോ ശമ്പളം അനുവദിക്കുകയോ ചെയ്തിട്ടില്ല. എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക നിയമനത്തിന് ബാൻ ഇല്ലെങ്കിലും അനുമതി ആവശ്യമായിരുന്നു. അദ്ധ്യാപക തസ്തിക അനുവദിക്കാതിരുന്നതിനാലാണ് നിയമനാംഗീകാരം നൽകാതിരുന്നതും ശമ്പളം അനുവദിക്കാത്തതും. |

**സെക്ഷൻ ഓഫീസർ**